# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **3439** — **19.10.16** -ൽ മറുപടിക്ക്

## കുട്ടനാട് പാക്കേജിന്റെ നിലവിലെ സ്ഥിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം.ആരിഫ്<br>" കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി യു.പ്രതിഭ ഹരി<br>ശ്രീ.ആർ.രാജേഷ് | മാത്യു ടി തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) 2006-2011 ലെ എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ച കുട്ടനാട് പാക്കേജിന്റെ നിലവിലെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (എ) കുട്ടനാട് പാക്കേജിന്റെ നിലവിലെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം I ൽ ചേർത്തിരിക്കുന്നു. |
| (ബി) ഈ പാക്കേജ് പ്രകാരം ജലവിഭവ വകുപ്പിന് കീഴിൽ അനുമതി ലഭിച്ച സ്കീമുകൾ ഏതൊക്കെയെന്നും അവയിൽ പൂർത്തിയാക്കിയവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ | (ബി) ജലവിഭവ വകുപ്പിനുകീഴിൽ അനുമതി ലഭിച്ചവയും പൂർത്തിയാക്കിയതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>ഈ പാക്കേജ് പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ച 4 സ്കീമുകളുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br>കെ.ഇ.എൽ - 1 - ഏറ്റെടുത്ത 14 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>കെ.ഇ.എൽ - 2 - ഏറ്റെടുത്ത 3 പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>കെ.ഇ.എൽ -3- 57 പ്രവൃത്തികൾ ഏറ്റെടുത്തതിൽ 38 പ്രവൃത്തികൾ പൂർത്തീകരിച്ചു ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | കെ.ഇ.എൽ -4 (ഓണാട്ടുകര) 5 നീർത്തടങ്ങളിലായി ഏറ്റെടുത്ത 21 പ്രവൃത്തികളിൽ, 7 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ പുരോഗതിയിലാണ്. |
| (സി) | പ്രസ്തുത പാക്കേജ് പ്രകാരം ഇനി ഏതൊക്കെ സ്കീമുകൾ നടപ്പിലാക്കാൻ ബാക്കിയുണ്ടെന്നും ഇവയ്ക്കായി കേന്ദ്ര സഹായം ലഭ്യമാണോയെന്നും അറിയിക്കാമോ; | (സി) | കുട്ടനാട് പാക്കേജ് പ്രകാരം നടപ്പിലാക്കേണ്ട സ്കീമുകളുടെ വിശദാംശങ്ങൾ അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു. |
| (ഡി) | നിശ്ചിത കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാവാത്തതുകൊണ്ട് കേന്ദ്രസർക്കാർ ഈ പാക്കേജ് തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്ന് അറിയിപ്പുകളൊന്നും ജലവിഭവവകുപ്പിന് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്**